(ഡി) മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കണമെന്നല്ലാതെ കർഷകരിൽനിന്നും മറ്റ് പരാതികളൊന്നുംതന്നെ ലഭിച്ചതായി കാണുന്നില്ല.

പവർകട്ട് പ്രമാണിച്ച് കൂടുതൽ മണ്ണെണ്ണ

159 [1340] പ്രൊ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പവർകട്ട് ഏർപ്പെടുത്തിയത് പരിഗണിച്ച് പൊതുവിതരണത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നിലവിലുള്ള തോതായ 2 ലിറ്റർ എന്നുള്ളത് മൂന്നുലിറ്ററായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

മൽസ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് മണ്ണെണ്ണ

160 [1341] പ്രൊ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻകെട്ട് നടത്തി മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് റേഷൻ വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് മണ്ണെണ്ണ നൽകുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെമ്മീൻകെട്ടുകാർക്ക് മണ്ണെണ്ണ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കേന്ദ്രത്തിൽനിന്നും പൊതുവായും വിതരണത്തിനു വേണ്ടി നൽകുന്ന മണ്ണെണ്ണ വിളക്ക് കത്തിക്കുവാനും പാചകാവശ്യത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്ര ഗവൺമെന്റിന്റെ കർശനമായ നിർദ്ദേശം ഉള്ളതിനാലും കേന്ദ്ര വിഹിതമായി കിട്ടുന്ന മണ്ണെണ്ണയുടെ അലോട്ട്മെന്റ് കൂടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഗാർഹികാവശ്യങ്ങൾക്കും അല്ലാതെയുള്ള ആവശ്യത്തിനും മണ്ണെണ്ണ നൽകുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly